ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"പ്രാർത്ഥനാ അനുഭവങ്ങൾ"
(തിരുവചന ചിന്തകൾ)

JULY
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "പ്രാർത്ഥനാ അനുഭവങ്ങൾ" Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 13

പ്രാർത്ഥനാ അനുഭവങ്ങൾ

(തിരുവചന ചിന്തകൾ)

നമ്മുടെ ജീവനുള്ള ദൈവത്തെ അറിയുന്നതിന് ദൈവം യാതൊരു മാനദണ്ഡങ്ങളും പരിധികളും വച്ചിട്ടില്ല. എന്നാൽ നാം ദൈവ വചനത്തിലൂടെ ദൈവത്തെക്കുറിച്ചു കേട്ടുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിച്ചും പരിശുദ്ധാത്മാവിനെ പ്രാപിച്ചും മുന്പോട്ടുപോവുമ്പോൾ ദൈവത്തെ അറിയുവാനുള്ള ഒരു മനസ്സും (പുതുക്കപ്പെട്ട ഹൃദയം) ആത്മീയ ദാഹവും ദൈവം ദാനമായി നൽകുന്നു. ഇപ്രകാരം ക്രിസ്തുവിനാൽ ലഭിച്ച പുതുഹൃദയവും പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ട ആത്മീയ ദാഹവും നമ്മെ ദിനംതോറും ക്രിസ്തുവിൽ വളരുവാൻ സഹായിക്കുന്നു. മേൽപ്പറഞ്ഞ രണ്ടു ഘടകങ്ങൾ (പുതുഹൃദയവും നമ്മിലുളവായ ആത്മീയ ദാഹവും) മാത്രമല്ല ക്രിസ്തീയ ആത്മീയ ജീവിതത്തിനാധാരം, എന്നാൽ ഇവരണ്ടും നമ്മിൽ ദൈവത്തെ വരവേൽക്കുവാനെന്നപോലെ ഉണർന്നുവെങ്കിൽ മാത്രമേ തുടർന്നുള്ള ആത്മീയ ജീവിതത്തിലെ ദൈവത്തിന്റെ വഴികളെക്കുറിച്ചുള്ള പ്രകാശനം നമ്മിൽ ലഭിക്കുകയുള്ളൂ.

ക്രിസ്തീയ ആത്മീയ ജീവിതത്തിൽ കടന്നുവരുന്ന എല്ലാ അനുകൂല/ പ്രതികൂല സാഹചര്യങ്ങളും നാം അഭിമുഖേകരിച്ചേ മതിയാവൂ. കാരണം അവ നാം അഭിമുഖീകരിക്കേണ്ടതിനായാണ് ദൈവം നമ്മുടെ ജീവിതത്തിൽ അനുവദിക്കുന്നത്.

1 കൊരിന്ത്യർ 10 : 13
13. മനുഷ്യർക്കു നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്കു നേരിട്ടിട്ടില്ല; ദൈവം വിശ്വസ്തൻ; നിങ്ങൾക്കു കഴിയുന്നതിന്നു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടതിന്നു പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും.

പ്രതികൂല സാഹചര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നതിനുമുന്പേ ചിന്തിക്കേണ്ടുന്ന വിഷയമാണ് 'അനുകൂല സാഹചര്യങ്ങളെക്കുറിച്ചു' എന്തിനു എടുത്തു പറയണം എന്നുള്ളത്. കാരണം, ക്രിസ്തീയ ജീവിതത്തിൽ 'നന്മയെന്നും അനുഗ്രഹമെന്നും' മനുഷ്യന്റെ

DIVINE HOPE MISSIONARIES
BRISTOL

ചിന്തയ്ക്കും ബുദ്ധിക്കും തോന്നുന്നവയൊക്കെയും അനുകൂലമെന്നാണ് പൊതുവെ നാം സങ്കല്പിക്കാറുള്ളത്. അത്തരത്തിലുള്ളവ അന്യായമാണെങ്കിലും നമുക്ക് 'ലാഭകരമെങ്കിൽ' അത്തരത്തിലുള്ളവയെ നാം 'ദൈവപ്രവർത്തിയായോ അനുഗ്രഹമായോ' ഒക്കെ വിശേഷിപ്പിക്കാറുമുണ്ട്. ഇപ്രകാരം വീണുകിട്ടിയ ചില താൽക്കാലിക നേട്ടങ്ങളിൽ (അനീതിയായുള്ളവയിൽ) പ്രശംസിക്കാതിരിക്കുകയും ദൈവത്തിനു മഹത്വം കൊടുക്കാതിരിക്കുകയും ചെയ്യുക. കാരണം ഇത്തരത്തിലുള്ള അനീതിയുടെ മഹത്വം ദൈവത്തിനുള്ളതല്ല എന്നതുതന്നെ.

പറഞ്ഞതിന്റെ സാരം എന്തെന്നാൽ കുറുക്കുവഴികളിലൂടെയും മിടുക്കുകളിലൂടെയും നേടിയെടുക്കുന്ന നേട്ടങ്ങളെ ദൈവത്തിന്റെ അത്ഭുതപ്രവർത്തികളുടെ പട്ടികയിൽ കണക്കുകൂട്ടരുത്. നല്ല സാക്ഷ്യം (മനുഷ്യരിൽനിന്നു) ലഭിക്കേണ്ടുന്നതിനു പൊടിപ്പും തൊങ്ങലുംചേർത്തു കഥകൾ സൃഷ്ട്ടിക്കാതിരിക്കുക. ദൈവം ചെയ്യുന്ന കാര്യവും മനുഷ്യൻ പണിപ്പെട്ടു മെനഞ്ഞുണ്ടാക്കുന്നതും സ്വയം തിരിച്ചറിയാനുള്ള ജ്ഞാനം ഓരോരുത്തരും കർത്താവിൽനിന്നു പ്രാപിക്കട്ടെ. അങ്ങനെചെയ്താൽ ഇപ്രകാരമുള്ള 'കഥകൾ' മെനയാനുള്ള നമ്മുടെ തൃഷ്ണയെ അത് നാമാവശേഷമാക്കും. ദൈവത്തിനു മഹത്വം!

ദൈവത്തിന്റെ അത്ഭുതപ്രവർത്തികൾക്കായി നാം ദിനവും ദൈവത്തിങ്കലേക്കു പൂർണ്ണമനസ്സോടും പ്രാർത്ഥനയോടും ഏല്പിച്ചുകൊടുക്കുമെങ്കിൽ നാം തന്നെ ഓരോ നിമിഷവും ദൈവത്തിന്റെ അത്ഭുതകരം കാണുവാൻ ഇടയാകും. ഈ ഭൂമിയിൽ ലഭ്യമായ മറ്റേതു അനുഭവങ്ങളെക്കാളും ദൈവത്തോട് ചേർന്നുനടക്കുമ്പോൾ ദൈവത്തിൽനിന്നു ലഭിക്കുന്ന അനുഭവങ്ങൾ വിലയേറിയതാണെന്നു നാം അന്ന് മനസ്സിലാക്കിത്തുടങ്ങും.

ദൈവത്തിനു നമ്മിൽ പ്രവർത്തിക്കുവാൻ നമ്മുടെ അനുമതിപത്രം ആവശ്യമില്ല എന്നാൽ ഹൃദയ വാഞ്ചയോടെ നാം ദൈവത്തിനായി ഓരോ നിമിഷവും ആത്മാവിൽ കാത്തിരിക്കുന്നുവെങ്കിൽ നാം ദിനംതോറും ദൈവത്തിന്റെ അത്ഭുതത്തിനു സാക്ഷികളായിത്തീരും.

ലോകത്തിൽ നടക്കുന്ന സംഭവ വികാസങ്ങളെക്കുറിച്ചു ആരായുവാൻ നാം പത്രം വായിക്കുകയോ സാമൂഹിക മാധ്യമങ്ങളിലെ വാർത്തകൾ കാണുകയോ ചെയ്യാറുണ്ട്. അവയ്ക്കു നമ്മെ ആകർഷിക്കത്തക്ക നിറവും നമ്മുടെ കണ്ണുകൾ തിളക്കം വരുത്തുവാൻ കഴിയുന്ന രൂപഭാവ രീതികളുമുണ്ട്. വായനക്കാരന് അഥവാ പ്രേക്ഷകന് ഇമ്പം നൽകുവാൻ വാർത്തകളുടെ ഉള്ളടക്കത്തിലും അവതരണ മികവിലും ഒട്ടനവധി വഴികളുമുണ്ട്. അതിനാലൽത്തന്നെ, നമ്മുടെ ഹൃദയത്തിനു ഇത്തരം വിഷയങ്ങളോട് ഒരു താല്പര്യം എല്ലായ്പ്പോഴും ഉണ്ടാവുന്നു. youtube ലെയോ facebook ലെയോ മറ്റു ഇതര reels കളോടോ നമുക്ക് താൽപര്യക്കുറവ് തോന്നാതിരിക്കുന്നതിന്റെ കാരണങ്ങൾ ഇവയാണ്. രസം പിടിപ്പിക്കുവാൻ കഴിയുന്ന വാക്കും നിറവും വർണ്ണനയും രൂപവും ഭംഗിയുമെല്ലാം ഇത്തരത്തിലുള്ള reels ലും വീഡിയോകളിലും യഥേഷ്ടം ലഭ്യമാണ്.

എന്നാൽ, നമ്മുടെ ദിനംതോറുമുള്ള പ്രാർത്ഥനയെക്കുറിച്ചോർക്കൂ. വിരസമായ പ്രാർത്ഥനകളാണ് പലപ്പോഴും എന്തോ ഒരു നിർബന്ധത്താൽ ഉരുവിടുന്നതുപോലെ ചൊല്ലിത്തീർക്കുന്നത്. പല ആവർത്തി ഇത് ചെയ്കയാൽ കേൾവിക്കാർ മാത്രമല്ല പ്രാർത്ഥിക്കുന്നവരും മറ്റുശ്രദ്ധകളിൽ മുഴുകാറുണ്ട് എന്നത് വാസ്തവം. ഇത് ആരും സമ്മതിച്ചുതരില്ല എന്ന് ലേഖകൻ അറിയുന്നു. എന്നാൽ അത് സത്യത്തെ മൂടിവയ്ക്കുവാനുള്ള നമ്മുടെ സ്വഭാവം എന്നേ പറയാൻ കഴിയൂ.

നോക്കുക, നമ്മുടെ പ്രാർത്ഥയെ നമുക്ക് പോലും സഹിച്ചുകൂടാത്ത അവസ്ഥാവിശേഷം ഉണ്ട് എങ്കിൽ ഇതിനൊരു പരിഹാരം വരുത്തുക എന്നതല്ലേ സ്വീകരിക്കുവാൻ കഴിയുന്ന ഏറ്റവും നല്ല മാർഗ്ഗം? അതേ, സാമൂഹിക മാധ്യമങ്ങളോട് നമുക്കുണ്ടാകുന്ന ആസക്തി ഇത്രയെങ്കിൽ ദൈവത്തെ അറിയാത്തവരുടെയും ദൈവത്തെ അനുഭവിക്കാത്തവരുടെയും അവസ്ഥ എത്ര ഭയാനകമായിരിക്കും? അതേ, നാം ഈ സത്യം തിരിച്ചറിയുന്ന പക്ഷം നാം ഈ വിഷയത്തിൽ മനസ്സ് പുതുക്കി രൂപാന്തരപ്പെട്ടേ മതിയാവൂ.

"എന്റെ പ്രാർത്ഥന എനിക്ക് ദൈവാനുഭവം വരുത്തുന്നതും എന്റെ ദൈവത്തിനു പ്രസാദകരവും ദൈവരാജ്യത്തിനും/ സഭയ്ക്കും/എന്റെ ചുറ്റുമുള്ള സകല ജനങ്ങൾക്കും അനുഗ്രഹവും ആയിത്തീരണം" എന്നുള്ള വാഞ്ഛ നമ്മിൽ ഇന്നു ഉടലെടുക്കുന്നുവെങ്കിൽ നാം ആത്മാവിൽ അനുഗ്രഹങ്ങളെ പ്രാപിച്ചുതുടങ്ങും, ഒപ്പം ഇതുവരെ ലഭിച്ചവ ഉപയോച്ചുംതുടങ്ങും.

നമ്മുടെ നാവിൽനിന്നും(ഹൃദയത്തിൽനിന്നും) പുറപ്പെടുന്ന വാക്കുകൾ ദൈവാത്മാവിൽ നിറയപ്പെടേണമെങ്കിൽ ആ പ്രാർത്ഥന പുറപ്പെട്ട ഹൃദയം യേശുക്രിസ്തുവിനാൽ രൂപന്തരപ്പെട്ടതായിരിക്കണം. ക്രിസ്തുവിലേക്കു ചേർത്തുവയ്ക്കുന്നതും ദൈവത്തിനു കീഴ്പ്പെട്ടതുമായ ഹൃദയം ദൈവാത്മാവിൽ മർമ്മങ്ങളെ സംസാരിക്കുവാൻ എല്ലായ്പ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. ഇങ്ങനെ ഉരുവായി പുറത്തേക്കുവരുന്ന പ്രാർത്ഥന നമ്മിലെ സ്വയത്തിന്റെ കയറുകളെ പൊട്ടിച്ചുകൊണ്ടാവും പുറത്തേക്കു വരുന്നതും ദൈവത്തിങ്കലേക്കു ചെല്ലുന്നതും. അതായതു നമ്മുടെ പ്രാർത്ഥനകൾ വിരസതയുടെയും സ്വയത്തിന്റെയും അനുകരണത്തിന്റെയും വഴികളിലെങ്കിൽ ദൈവത്തോട് ഒരു പുതുഹൃദയത്തിനായി നാം പ്രാർത്ഥിക്കട്ടെ.ദൈവം അത് നൽകിത്തരുവാൻ വിശ്വസ്തൻ!

രണ്ടാമത്തെ ഘട്ടം പ്രാർത്ഥനയുടെ സ്വഭാവമാണ്. അതായതു, പ്രാർത്ഥന കേവലമൊരു ചൊല്ലൽ മാത്രമാണോ അതോ ആത്മ ദാഹത്തോടെ ദൈവയിഷ്ടത്തിൽ പ്രാർത്ഥിക്കുവാനാണോ നാം ആഗ്രഹിക്കുന്നത്? ഏതു സ്വഭാവം നാം സ്വീകരിച്ചിരിക്കുന്നുവോ അതിനൊത്തവണ്ണമായിരിക്കും നമ്മുടെ പ്രാർത്ഥനയുടെ ജീവൻ വെളിപ്പെട്ടുവരുന്നത്. ആത്മ ദാഹത്തോടെ ദൈവത്തിങ്കൽനിന്നും മറുപടികൾ വാസ്തവമായും അന്വേഷിച്ചുകൊണ്ട് നിരന്തരമായി നടത്തപ്പെടുന്ന, ദൈവാത്മാവിനാൽ നയിക്കപ്പെടുന്ന പ്രാർത്ഥന മരണത്തിൽനിന്നും ജീവനിലേക്കു നാം കടന്ന അനുഭവത്തെ എല്ലായ്പ്പോഴും നല്കിതരും.

ക്രിസ്തുവിൽ നിന്ന് ലഭിച്ച എല്ലാ ആത്മീയ അനുഭവങ്ങളും നമ്മിൽ വ്യത്യസ്തമായ രീതിയിൽ ആവർത്തിക്കപ്പെടുവാനും മറ്റനേകരിൽ അനുഗ്രഹമായി നല്കപ്പെട്ടുകൊണ്ടു അവരിൽ വർദ്ധിക്കേണ്ടതിനായും ദൈവം അവയെ നമ്മിൽ ദാനമായി നൽകിയിരിക്കുന്നു.

പ്രാർത്ഥന നമ്മിൽ തുറക്കുന്ന വഴികൾ അനേകമാണ്. എന്നാൽ അത് വിശ്വസ്തതയോടും വിശ്വാസത്തോടും മറ്റനേകർക്കു അനുഗ്രഹപ്രദമായും നാം ഉപയോഗിക്കുന്നുവെങ്കിൽ മടുപ്പേറിയ പ്രാർത്ഥനാനുഭവങ്ങൾ നമ്മിൽനിന്ന് ഇല്ലാതെയാകും.

Social Media (സാമൂഹിക മാധ്യമങ്ങൾ) എല്ലായ്പ്പോഴും വർണ്ണശബളമാണ്. എന്നാൽ ഇതിനെക്കാളും പതിനായിരംമടങ്ങ് സന്തോഷം പ്രാർത്ഥനയിൽ വെളിപ്പെട്ടുവരുന്ന ദൈവതേജസ്സിനും ആത്മീയ മർമ്മങ്ങൾക്കും ഉണ്ടെന്നു പറഞ്ഞാൽ നമ്മിൽ എത്രപേർ അത് വിശ്വസിക്കുകയും അതിനായി വാഞ്ഛിക്കുകയും ചെയ്യും ? അവയ്ക്കായി നാം വാഞ്ഛിക്കുന്നില്ലായെങ്കിൽ സ്വയം നാം വഞ്ചകരാവുകയും നമ്മിൽ പകർന്ന ദൈവകൃപയെ വൃഥാവാക്കുകയും ചെയ്യുന്നു. ഒരു ആത്മീയന് എല്ലായ്പ്പോഴും ഒരു പിന്തിരിഞ്ഞുനോട്ടം ആവശ്യമാണ് എന്നാൽ പിന്മാറ്റമൊരിക്കലും ആവശ്യമല്ല.

പ്രാർത്ഥനകളെ പ്രാർത്ഥിക്കുന്ന നാം ദൈവാനുഭവത്തോടു കൂടി അവ ചെയ്യുമ്പോൾ അത് എല്ലായ്പ്പോഴും ദൈവതേജസ്സിനെ കൊണ്ടുവരും. പ്രാർത്ഥനയിൽ വാക്കുകളല്ല പ്രധാനം, പ്രത്യുത, ദൈവയിഷ്ടം എല്ലായ്പ്പോഴും നിറവേറ്റുന്ന തേജസ്സേറിയ ശുശ്രൂഷകളായി അവ മാറേണ്ടതായുണ്ട്.

നമ്മുടെ ക്രിസ്തീയ ആത്മീയ ജീവിതത്തിലെ ഓരോ പ്രതിസന്ധികളും പരാജയങ്ങളും നമ്മെ ആത്മാവിലെ പ്രാർത്ഥന പഠിപ്പിക്കുവാൻ സഹായകമായിത്തീരാറുണ്ട്. യേശുക്രിസ്തു ഒരിക്കലും എല്ലാ ഭൗതിക അനുഗ്രഹങ്ങളും, തന്നെ അനുഗമിക്കുന്നവർക്കും സേവിക്കുന്നവർക്കും നൽകുമെന്ന് പറഞ്ഞിട്ടിട്ടില്ല എന്ന സത്യം നാം തിരിച്ചറിയുമ്പോൾ മാത്രമേ ക്രിസ്തീയ ജീവിതത്തിലെ പരാജയങ്ങളെ ഉൾകൊള്ളുന്നവരായി നാം മാറുകയുള്ളൂ. ഇപ്രകാരം ചില ഭൗതീക വിഷയങ്ങളിലെ ഞെരുക്കം നമ്മെ ക്രിസ്തുവിൽ പ്രാർത്ഥിപ്പിക്കുവാൻ പഠിപ്പിക്കുകയും ആഴമേറിയ പ്രാർത്ഥനാ അനുഭവങ്ങൾ നമ്മിലേക്ക് നൽകുകയും ചെയ്യുന്നു.

പ്രാർത്ഥനയിൽ അനുഭവങ്ങൾ എന്തെല്ലാമാണ് ? ദൈവം നമ്മിൽ നൽകിത്തരുന്ന ഒരു ചെറിയ വാക്കുകളും ദർശനങ്ങളും ചിന്തകളും വചനങ്ങളും തുടങ്ങി മിന്നിമറയുന്ന അല്പമായ തോന്നലുകൾ പോലും പല ആവർത്തി ദൈവത്തോട് വീണ്ടും സംസാരിച്ചുകൊണ്ടു അവ ദൈവശബ്ദമാണെന്നു ഉറപ്പിക്കുന്ന അനുഭവങ്ങളാണ് നമ്മുടെ പ്രാർത്ഥനയിൽ ഉണ്ടാവേണ്ടുന്നത്. ഇപ്രകാരം അനുഭവസമ്പുഷ്ടമായ പ്രാർത്ഥനകൾ, നാം നേരിടുന്ന പ്രതിസന്ധികളെ ദൈവശക്തിയാൽ മറപ്പിക്കുകയും അവയുടെമേൽ ദൈവത്തിന്റെ പദ്ധതികൾ ദൈവം അയയ്ക്കുന്നത് നാം കണ്ടു ദൈവത്തിനു മഹത്വം കൊടുക്കുകയും ചെയ്യും.

നമ്മുടെ പ്രാർത്ഥനകളൊന്നും ദൈവത്തോടുള്ള ഉപദേശം ആവാതിരിക്കേണ്ടതിനായി സ്വന്ത ബുദ്ധിയുടെ ആവരണം പ്രാർത്ഥയിൽനിന്നും എടുത്തുകയുക. അസാധാരണമായ പ്രാർത്ഥനാ അനുഭവങ്ങൾ അതുല്യമായ ദൈവത്തിന്റെ വഴികളിലേക്കു നമ്മെക്കൊണ്ടെത്തിക്കും.

ഇതിനൊരുദാഹരണമായി യേഹേസ്കേലിൽ നിന്ന് നമുക്കു ചിന്തിക്കാം.

യേഹെസ്കേൽ 37 : 1 - 3

1.യഹോവയുടെ കൈ എന്റെമേൽ വന്നു യഹോവയുടെ ആത്മാവിൽ എന്നെ പുറപ്പെടുവിച്ചു താഴ്വരയുടെ നടുവിൽ നിറുത്തി; അതു അസ്ഥികൾകൊണ്ടു നിറഞ്ഞിരുന്നു.
2.അവൻ എന്നെ അവയുടെ ഇടയിൽ കൂടി ചുറ്റിച്ചുറ്റി നടക്കുമാറാക്കി; അവ താഴ്വരയുടെ പരപ്പിൻ എത്രയും അധികമായിരുന്നു; അവ ഏറ്റവും ഉണങ്ങിയുമിരുന്നു.
3.അവൻ എന്നോടു: മനുഷ്യപുത്രാ, ഈ അസ്ഥികൾ ജീവിക്കുമോ എന്നു ചോദിച്ചു; അതിന്നു ഞാൻ: യഹോവയായ കർത്താവേ, നീ അറിയുന്നു എന്നു ഉത്തരം പറഞ്ഞു.

മനുഷ്യന്റെ വഴികളും അനുമാനങ്ങളും പോരായ്മ നിറഞ്ഞതെന്നു ദൈവം ഉറപ്പിച്ചുതരുന്നതിലും നല്ലതാണ് മനുഷ്യരായ നാം അത് സ്വയം തിരിച്ചറിയുന്നതും ദൈവത്തിൽമാത്രം ആശ്രയം വയ്ക്കുന്നതും. വാക്യം 3 നോക്കുക.

ദൈവം നമ്മോടു ചോദിക്കുവാൻ ആഗ്രഹിക്കുന്ന ചോദ്യങ്ങളുടെയത്രയും ഉത്തരങ്ങൾ ദൈവത്തിന്റെ സന്നിധിയിൽ മാത്രമേ ഉള്ളു എന്ന് നാം തിരിച്ചറിയേണം. നീ എന്നെ സ്നേഹിക്കുന്നുവോ എന്ന് ശിഷ്യനായ പത്രോസിനോട് യേശു ചോദിക്കുന്ന അനുഭവം ഇതിനോട് ചേർത്ത് വായിക്കാവുന്നതനാണ്. നമ്മുടെ പരിമിതമായ അറിവിനും ഞാനത്തിനും എത്രയോ അപ്പുറമാണ് ദൈവത്തിന്റെ പ്രവർത്തികളെന്നു ചിന്തിക്കുക (ജോബ് - അദ്ധ്യായം 38) ഇത് നാം ഗ്രഹിക്കുന്തോറും നമ്മുടെ പരാജയപ്പെട്ട ശ്രമങ്ങളെക്കുറിച്ചു നാം ദൈവത്തോട് ഏറ്റുപറച്ചിലുകൾ നടത്തുവാൻ തുടങ്ങും. ഓർക്കുക ദൈവത്തോടുള്ള ഏറ്റുപറച്ചിൽ പരാജയമല്ല പ്രത്യുത, ദൈവത്തിൽ നാം വയ്ക്കുന്ന പ്രത്യാശയുടെ അളവാണ്. എത്രത്തോളം നാം നമ്മുടെ പരാജയങ്ങളെ ദൈവത്തോട് ഏറ്റുപറയുന്നുവോ അത്രത്തോളം നമുക്ക് കർത്താവിൽ വിശ്വസിക്കാനും ദൈവത്തോട് പറ്റിയിരിക്കുവാനും കഴിയും .

സങ്കീർത്തനങ്ങൾ 91 : 14
14 അവൻ എന്നോടു പറ്റിയിരിക്കയാൽ ഞാൻ അവനെ വിടുവിക്കും; അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും.

ദൈവത്തോടുള്ള യാത്രയിൽ ഉത്തരങ്ങലും അനുഗ്രഹങ്ങളും മാത്രമല്ല നാം ദൈവത്തിൽനിന്നും പ്രതീക്ഷിക്കേണ്ടുന്നത് പ്രത്യുത, ദൈവത്തിന്റെ ചില ചോദ്യങ്ങൾ നാം പ്രതീക്ഷിക്കുകയും അവിടെ ദൈവത്തിന്റെ ജ്ഞാനത്തെ നാം കരസ്ഥമാക്കുകയും അവയോടുചേർന്നുള്ള ദൈവപ്രവർത്തികൾക്കായി ദൈവം നമ്മെ ഉപയോഗിക്കുകയും ചെയ്യുമെന്ന് ഉറക്കണം. ഈ ഉറപ്പോടെ നാം ജീവിക്കുമ്പോൾ ദൈവത്തെ എല്ലായ്പ്പോഴും അനുഭവിക്കുന്ന ആത്മീയ തലങ്ങളിലേക്ക് കൃപയാൽ നമുക്കു വളരുവാൻ കഴിയും.

എബ്രായർ 6 : 1 - 3
1. അതുകൊണ്ടു നിർജ്ജീവപ്രവൃത്തികളെക്കുറിച്ചുള്ള മാനസാന്തരം, ദൈവത്തിങ്കലെ വിശ്വാസം, സ്നാനങ്ങളെക്കുറിച്ചുള്ള ഉപദേശം, കൈവെപ്പു, മരിച്ചവരുടെ പുനരുത്ഥാനം,
2 നിത്യശിക്ഷാവിധി എന്നിങ്ങനെയുള്ള അടിസ്ഥാനം പിന്നെയും ഇടാതെ നാം ക്രിസ്തുവിനെക്കുറിച്ചുള്ള ആദ്യവചനം വിട്ടു പരിജ്ഞാനപൂർത്തി പ്രാപിപ്പാൻ ശ്രമിക്കുക.
3 ദൈവം അനുവദിക്കുന്ന പക്ഷം നാം അതു ചെയ്യും

ക്രിസ്തു, അവനിൽ വിശ്വസിക്കുകയും വീണ്ടും ജനിക്കുകയും ചെയ്ത നമ്മെ ഓരോരുത്തരെയും, കാൽവരി ക്രൂശിലെ തന്റെ രക്തത്താൽ ശുദ്ധീകരിക്കുകയും, മരണത്തെ ജയിച്ചു മൂന്നാംനാൾ ഉയിർത്തെഴുനേറ്റുകൊണ്ടു പിതാവിന്റെ വലതുഭാഗത്തെ ഇരിക്കുകയും, നമ്മെ അതേയിടത്തുതന്നെ ഇരുത്തുകയുംചെയ്തുകൊണ്ടു നമ്മെ ജയാളികളാക്കി എന്ന മർമ്മം, ഏതൊരു അവസ്ഥയിലും നാം വിളിച്ചുപറയുവാനും നാം ശ്രദ്ധിക്കേണ്ടതായുണ്ട്. എന്നാൽ ഇത് ബുദ്ധിപരമായ ഏതെങ്കിലുമൊരു നീക്കമല്ല പ്രത്യുത, നമ്മുടെ ആത്മാവിൽ ഈ ക്രൂശിലെ സത്യം ദൈവാത്മാവിന്റെ പ്രചോദനത്താൽ എല്ലാ സാഹചര്യങ്ങളിലും ഉയർന്നുവരേണ്ടുന്നതാണ്.

ദൈവത്തിന്റെ പ്രവാചകൻ ദൈവത്തിങ്കലേക്കു ചാരിയപ്പോൾ, ഉണങ്ങിയ അസ്ഥികൾക്കു നടുവിൽ ഉണങ്ങിയ മനസ്സോടെ നിന്നിരുന്ന പ്രവാചകൻ ദൈവത്തിന്റെ ശബ്ദത്തെ കേട്ടുകൊണ്ട് ഉണങ്ങിയ അസ്ഥികളോട് പ്രവചിക്കുകയും അവയെ ദൈവത്തിന്റെ ശക്തിയാൽ താൻ സൈന്യമായി എഴുന്നേൽപ്പിക്കുന്നത് കാണുകയും, അനേകർക്കു മറഞ്ഞുകിടന്നിരുന്ന യിസ്രായേൽ എന്ന ജനതയെക്കുറിച്ചുള്ള മർമ്മം ദൈവം വെളിപ്പെടുത്തുകയും ചെയ്യുന്നു.

അസാധാരണമായ പ്രാർത്ഥന അനുഭവം ആഗ്രഹിക്കുന്ന പ്രിയ ദൈവജനമേ, പലപ്പോഴും ദൈവത്തെ നാവുകൾകൊണ്ടുമാത്രം സ്തുതിക്കുമ്പോഴല്ല ദൈവമഹത്വം പ്രത്യക്ഷമാവുന്നതും ദൈവത്തെ നാം ആഴത്തിൽ മനസ്സിലാക്കുന്നതും, ദൈവത്തോട് ചേർന്ന് നാം നടക്കുമ്പോൾ, വിശേഷാൽ നാം പ്രാർത്ഥനയിലും സ്തോത്രത്തിലും ജാഗരിക്കുമ്പോൾ നമ്മിലേക്ക് അസാധാരണമായ പ്രാർത്ഥനാ അനുഭവം നൽകുവാൻ ദൈവം മനസ്സാകുന്നു. ഈ കാലഘട്ടത്തിൽ ദൈവത്തിൽനിന്നും ഇവ സ്വീകരിക്കാനും ദൈവത്തിനായി പ്രശോഭിപ്പാനും നിങ്ങളുടെ ഉള്ളിൽ ഒരു ആഗ്രഹം ഉണ്ടോ ? പ്രാരംഭത്തിൽ ഓർമിപ്പിച്ചതുപോലെ ക്രിസ്തുവിനാൽ ലഭിച്ച പുതുഹൃദയവും പരിശുദ്ധാത്മാവിനാൽ നൽകപ്പെട്ട ആത്മീയ ദാഹവും നിങ്ങളിൽ ഇന്ന് ആഗ്രഹമായി പുറപ്പെട്ടുവരുന്നുവെങ്കിൽ നിശ്ചയമായും കർത്താവ് അത് നിങ്ങളിൽ പകരുകതന്നെ ചെയ്യും. അതിനായി നമുക്കു പ്രാർത്ഥിക്കാം.

ഞങ്ങളുടെ നല്ല ദൈവമേ, ഞങ്ങൾ അങ്ങയെ വാഴ്ത്തുന്നു. അങ്ങയുടെ കൂടെ എല്ലായ്പ്പോഴും നടക്കുവാനും അങ്ങിൽനിന്നു അനേകം പ്രാർത്ഥനാ അനുഭവങ്ങൾ ആത്മാവിൽ പ്രാപിക്കുവാനും, അവയാൽ നശിച്ചുപോയ്ക്കൊണ്ടിരിക്കുന്ന ഈ തലമുറയിൽ അനേകരെ കർത്താവിനുവേണ്ടി നേടുവാനും അവരെ ക്രിസ്തുവിൽ ധൈര്യപ്പെടുത്തുവാനും അങ്ങയുടെ ആത്മാവിനാൽ ഞങ്ങളെ സഹായിക്കേണമേ. ഞങ്ങളുടെ നിർജീവമായ പ്രാർത്ഥനയെ അങ്ങുതന്നെ ജീവനുള്ളതാക്കി മാറ്റേണമേ. അങ്ങയുടെ വൻകൃപയാൽ ഞങ്ങളെ നടത്തേണമേ. യേശുക്രിസ്തുവിൽ നാമത്തിൽ അപേക്ഷിക്കുന്നു. ഉത്തരമരുളേണമേ. ആമേൻ.

ഈ ചിന്തകളാൽ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.
God bless you all.

Pr. ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

ദൈവരാജ്യത്തിലൂന്നിയുള്ള ഭൂമിയിലെ ദൗത്യത്തെ തിരിച്ചറിയുമ്പോൾ മാത്രമേ നിത്യതയുടെ ദർശനം പൂർണ്ണമാവുകയുള്ളൂ.

ഫിലിപ്പിയർ 1

21. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു.
22. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതുതിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല.
23. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ.
24. എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നതു നിങ്ങൾ നിമിത്തം ഏറെ ആവശ്യം.
25. ഇങ്ങനെ ഉറെച്ചുകൊണ്ടു നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിന്നുമായി തന്നേ ഞാൻ ജീവനോടിരിക്കും എന്നും നിങ്ങളോടു എല്ലാവരോടും കൂടെ ഇരിക്കും എന്നും അറിയുന്നു.

- DIVINE HOPE MISSIONARIES (BRISTOL, UK)

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL